LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളെ ശാസ്ത്രബോധമുള്ളവരാക്കി ചൂഷണങ്ങളിൽ നിന്നും രക്ഷിക്കാനുള്ള നടപടികൾ

28(5609) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളെ ശാസ്ത്രബോധമുള്ളവരാക്കാനും അജ്ഞതമൂലമുള്ള ചൂഷണങ്ങളിൽ നിന്നും അവരെ രക്ഷിക്കാനും ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഈ സർക്കാർ കാലയളവിൽ ജനങ്ങളുടെ അജ്ഞതയും ശാസ്ത്രബോധമില്ലായ്മയും മുതലെടുത്ത് രജിസ്റ്റർ ചെയ്യപ്പെട്ട തട്ടിപ്പ് കേസുകൾ എത്രയാണെന്ന് പറയാമോ ; ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 37 കേസുകൾ ഇത്തരം കേസുകളെ സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരത്തിലുള്ള തട്ടിപ്പുകളിൽ വീഴാതിരിക്കാനായി ജനമൈത്രി ബീറ്റ് ഓഫീസർമാർ മുഖാന്തിരവും അല്ലാതെയും ജനങ്ങളെ ബോധവത്കരിക്കുന്നുണ്ട്. കൂടാതെ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മറവിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ലോക്കൽ പോലീസും രഹസ്യാന്വേഷണ പോലീസും ഷാഡോ പോലീസും നിരീക്ഷണങ്ങൾ നടത്തിവരുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനം

29(5610) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസറി തസ്തികയിലേക്ക് പി.എസ്.സി. എഴുത്തുപരീക്ഷ നടത്തിയത് എന്നാണ് ; ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ് വ്യക്തമാക്കാമോ ;

(ബി) ഐ.സി.ഡി.എസ്. സൂപ്പർ വൈസറി തസ്തികയിൽ ഇന്റർവ്യൂ നടപടികൾ എന്നാണ് ആരംഭിച്ചത് ; ഇന്റർവ്യൂ പൂർണ്ണമായോ ;

(സി) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.